കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് - 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - അനിവാര്യ ചുമതലയിൽപ്പെടാത്ത കാര്യത്തിന് പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചത് (ഖണ്ഡിക 3.1) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.3026/14/തസ്വഭവ. തിരുവനന്തപുരം, തീയതി:20.11.2014

---

പരാമർശം :
1. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 28.09.2013-ലെ 4(6) നമ്പർ തീരുമാനം
2. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.11.2013-ലെ ബി 1475/13 നമ്പർ കത്ത്
3. ഗ്രാമവികസന കമ്മീഷണറുടെ 13.06.2014 ലെ 27363/ഡിപി2/13/ സിആർഡി നമ്പർ കത്ത്

## ഉത്തരവ്

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടാത്ത, തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കു ചെലവഴിച്ച 64,400/- (അറുപത്തി നാലായിരത്തി നാനൂറ്) രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് 02.08.2013-ലെ LKFP 13/758/13 നമ്പരായുള്ള റിപ്പോർട്ട് പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. തെരുവു വിളക്കുകൾ സ്ഥാപിക്കുക, പ്രകാശിപ്പിക്കുക, പരിപാലിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ-മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെടുന്ന വിഷയങ്ങളായതിനാലാണ് പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ തുക തടസ്സപ്പെടുത്തിയത്.

ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സദുദ്ദേശത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയുടെ സാമൂഹ്യ പ്രതിബദ്ധതാ ഘടകം പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുചുമതലകളിൽ ഉൾപ്പെടാത്ത വിഷയത്തിന് ചെലവഴിച്ച 64,400/- രൂപ മേലിൽ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശം നൽകികൊണ്ട് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്യുകയുണ്ടായി.

(PTO)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെരുവുവിളക്കുകൾ സ്ഥാപിക്കുക, പ്രകാശിപ്പിക്കുക, പരിപാലിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ-മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടുന്ന വിഷയങ്ങളാണെങ്കിലും (166(1) വകുപ്പ് 3 പട്ടിക പ്രകാരം) കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ഭൂപ്രകൃതി, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം പൊതുവേയുള്ള പിന്നോക്കാവസ്ഥ ഇവ പരിഗണിക്കുമ്പോൾ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം സാമൂഹ്യമായും, സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമായിരുന്നതിനാലും ബ്ലോക്ക് പഞ്ചായത്ത് സദുദ്ദേശത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയുടെ സാമൂഹ്യ പ്രതിബദ്ധതാ ഘടകം പരിഗണിച്ചും 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 (അനിവാര്യ ചുമതലയിൽപ്പെടാത്ത കാര്യത്തിന് പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചത്) പ്രകാരം പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച 64,400/- രൂപ ഭാവിയിൽ ഇത്തരം ലംഘനങ്ങൾ ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെ സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.സി.പ്രസന്നകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.